**തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ&ജില്ലാ കളക്ടറുടെ നടപടിക്രമം**
(സാന്നിദ്ധ്യം: എസ്.ഷാനവാസ് , ഐ.എ.എസ്)

വിഷയം : കാലവർഷം 2020 - പൂമല ഡാമിലെ ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ ഷട്ടറുകൾ തുറന്ന് നിശ്ചിത തോതിൽ ജലം തുറന്ന് വിടുന്നതിനുള്ള അനുമതി നൽകികൊണ്ട് ഉത്തരവാകുന്നു.

പരാമർശം : 1. ചെറുകിടജലസേചനവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 05.08.20 തിയതിയിലെ ഡി7-2788/17 നമ്പർ കത്ത്
2. സർക്കാരിന്റെ 09.05.2019 തിയതിയിലെ GO(Rt)No.280/2019/ DMD നമ്പർ ഉത്തരവ്.
3. കേരള സർക്കാരിന്റെ 2020 ലെ കാലവർഷ - തുലാവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗ്ഗരേഖ(ഓറഞ്ച് ബുക്ക്)

**<u>ഉത്തരവ് നമ്പർ കെ1-4286 / 2020 തിയതി : 05.08.2020</u>**

തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിലെ പൂമല ഡാമിന്റെ വൃഷ്ടി പ്രദേശങ്ങളിൽ തുടർച്ചയായി മഴപെയ്യുന്നതിനാൽ ജലനിരപ്പ് ഉയർന്ന് നിലവിൽ 26 അടി 10 ഇഞ്ച് ആയിട്ടുണ്ടെന്നും ജല നിരപ്പ് 27 അടി ആകുമ്പോൾ ഒന്നാമത്തെ മുന്നറിയിപ്പ് നൽകുമെന്നും ജല നിരപ്പ് 27 അടി 6 ഇഞ്ചിൽ രണ്ടാമത്തെ മുന്നറിയിപ്പ് നൽകുമെന്നും ഡാമിലെ ജലനിരപ്പ് 28 അടിയാകുമ്പോൾ ഷട്ടറുകൾ തുറന്ന് വെള്ളം മലവായ് തോട്ടിലേക്ക് ഒഴുക്കുമെന്നും ജില്ലാ അടിയന്തിര കാര്യഘട്ട നിർവ്വഹണ കേന്ദ്രത്തിലേക്ക് പരാമർശം 1 പ്രകാരം അറിയിപ്പ് ലഭിച്ചിട്ടുള്ളതാണ്.

ജില്ലയിൽ 06.08.20 മുതൽ തുടർച്ചയായ ദിവസങ്ങളിൽ ഓറഞ്ച് അലെർട്ട് പ്രഖ്യാപിച്ചിട്ടുള്ളതിനാലും കാലവർഷം ശക്തി പ്രാപിച്ച് ഡാമിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നു കൊണ്ടിരിക്കുന്ന സാഹചര്യത്തിലും ജനങ്ങളുടെ സുരക്ഷയും ഡാമിന്റെ സുരക്ഷയും മുൻനിർത്തികൊണ്ട് ഡാം നിശ്ചിത അളവിൽ തുറന്ന് വിടേണ്ട സാഹചര്യമാണ് നിലവിലുള്ളത് എന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ പൂമല ഡാമിലെ ജലനിരപ്പിന്റെ പരിധി 28 അടിയായി നിലനിർത്തികൊണ്ട് ഇതു സംബന്ധിച്ച് ആവശ്യമായ മുന്നറിയിപ്പ് ജനങ്ങൾക്ക് നൽകി രാവിലെ 6.00 മണി മുതൽ ഉച്ചതിരിഞ്ഞ് 4.00 മണി വരെയുള്ള സമയത്തിനിടക്ക് ഡാമിലെ വെള്ളം തുറന്നു വിടുന്നതിന് മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ദുരന്തനിവാരണ നിയമം 2005 സെക്ഷൻ 26(2), 30 (2) (V), 34(a),(b),(c),(d),(e),(f),(h),(i),(j),(k),(m) പ്രകാരം അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു. ജലം പുറത്തേക്ക് ഒഴുക്കുന്നതിന് മുൻപായി കേരള സർക്കാരിന്റെ 2020 ലെ കാലവർഷ - തുലാവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗ്ഗരേഖയിൽ(ഓറഞ്ച് ബുക്ക്) പ്രതിപാദിക്കുന്ന മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡാം തുറന്നു വിടുന്നതുമൂലം പുഴയിലെ ജലനിരപ്പ് ക്രമാതീതമായി ഉയരുവാൻ സാധ്യതയുള്ളതിനാൽ പുഴയിൽ മത്സ്യ ബന്ധനം മറ്റു അനുബന്ധ പ്രവർത്തികൾ എന്നിവയിൽ

ഏർപ്പെടുന്നതിന് നിയന്ത്രണം ഏർപ്പെടുത്തികൊണ്ടും ഇതോടൊപ്പം ഉത്തരവാകുന്നു. ഇതിനുള്ള നടപടികൾ ബന്ധപ്പെട്ട പഞ്ചായത്തുകൾ പോലീസ് വകുപ്പ് ഉൾപ്പെടെയുള്ള ബന്ധപ്പെട്ട അനുബന്ധ വകുപ്പുകളുമായി സഹകരിച്ച് നടപ്പിലാക്കേണ്ടതാണ്.

(ഒപ്പ്)

തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ
&ജില്ലാ കളക്ടർ

സ്വീകർത്താവ് :
എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ , തൃശ്ശൂർ
(ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് രേഖാമൂലം മുന്നറിയിപ്പ് നൽകേണ്ടതാണ്. കൂടാതെ ഓരോ 3 മണിക്കൂർ ഇടവേളകളിലും ഡാമിലെ ജലനിരപ്പ് സംബന്ധിച്ച് ജില്ലാ അടിയന്തിര കാര്യഘട്ട നിർവ്വഹണകേന്ദ്രത്തിൽ അറിയിക്കേണ്ടതുമാണ്. 0487-2362424, 9447074424 -ഇമെയിൽ-deocthrissur@gmail.com)

പകർപ്പ് :
1.പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ-ദുരന്ത നിവാരണ വകുപ്പ് } ആമുഖ കത്ത് സഹിതം
2.കമ്മീഷണർ, ദുരന്തനിവാരണം } ആമുഖ കത്ത് സഹിതം
3.സംസ്ഥാന അടിയന്തിര കാര്യഘട്ട നിർവ്വഹണ കേന്ദ്രം
4.ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ (സിറ്റി / റൂറൽ ) }- പുഴയിലെ ജലനിരപ്പ് ഉയരുവാൻ സാധ്യതയുള്ളതിനാൽ അടിയന്തിര സാഹചര്യം നേരിടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി
5.റവന്യൂ ഡിവിഷണൽ ഓഫീസർ തൃശ്ശൂർ.
6.ജില്ലാ ഫയർ ഓഫീസർ, തൃശ്ശൂർ }- ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിനായി.
7.ഡെപ്യൂട്ടി കളക്ടർ(ഡി.എം), കളക്ടറേറ്റ്, തൃശ്ശൂർ
8.ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം)
9.തഹസിൽദാർ തൃശ്ശൂർ }-കോവിഡ് മാനദണ്ഡപ്രകാരം ക്യാമ്പ് ഉൾപ്പെടെയുള്ള ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിനായി.
10.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ }- ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി.
11.സെക്രട്ടറി മുളങ്കുന്നത്തുക്കാവ് ഗ്രാമപഞ്ചായത്ത്,സെക്രട്ടറി കോലഴി ഗ്രാമപഞ്ചായത്ത്
**പൊതുജനങ്ങളും കുട്ടികളും പുഴയിൽ ഇറങ്ങുന്നതിനും പുഴയിൽ കുളിക്കുന്നതിനും വസ്ത്രങ്ങൾ അലക്കുന്നതിനും കർശന നിയന്ത്രണം ഏർപ്പെടുത്തേണ്ടതും ഇതു സംബന്ധിച്ച മുന്നറിയിപ്പ് അനൗൺസ്മെന്റ് മുഖേന ജനങ്ങൾക്ക് നൽകേണ്ടതുമാണ്.**
12.ജില്ലാ ഇൻഫോർമേഷൻ ഓഫീസർ }- ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വഴി ആവശ്യമായ മുന്നറിയിപ്പ് നൽകുന്നതിനായി.
13.ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ, തൃശ്ശൂർ.
14.ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, തൃശ്ശൂർ(ജില്ലയുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
15. ജില്ലാകളക്ടറുടെ ഔദ്യോഗിക ഫേസ് ബുക്ക് പേജ്
16. കരുതൽ ഫയൽ കെ.1

അംഗീകാരത്തോടെ
ഡെപ്യൂട്ടി കളക്ടർ, ഡിസാസ്റ്റർ മാനേജ്മെന്റ്
തൃശ്ശൂർ